*04-06-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

**(1) വടക്കൻ ജില്ലകളിലെ കെ.എസ്.ആർ.ടി.സി സർവീസ് മെച്ചപ്പെടുത്താൻ നടപടി**

ശ്രീ. വി. ടി. ബൽറാം: സർ, തിരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി പാലിച്ചുകൊണ്ട് ഒരു പുതിയ പ്രവർത്തന ശൈലിയുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇന്ദിരാ ഗ്യാരന്റിയിലൂടെ കേരളത്തിലെ മുഴുവൻ സ്ത്രീകൾക്കും കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യ യാത്ര അനുവദിക്കുമെന്നതായിരുന്നു തിരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് മുന്നിൽവച്ച ഏറ്റവും പ്രധാനപ്പെട്ട വാഗ്ദാനങ്ങളിൽ ഒന്ന്. അത് സമയബന്ധിതമായി നടപ്പാക്കാനുള്ള ദ്രുതഗതിയിലുള്ള നടപടികളുമായി ഗവൺമെന്റും കെ.എസ്.ആർ.ടി.സി.-യും മുന്നോട്ടുപോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് എത്രയുംവേഗം പ്രവർത്തി പഥത്തിൽ എത്തട്ടെയെന്ന് ആശംസിക്കുകയും ചെയ്യുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഈ ആനുകൂല്യം കേരളത്തിലെ സ്ത്രീകൾക്ക് മുഴുവനായി ലഭ്യമാക്കണമെന്നും എല്ലാ മേഖലയിലുള്ള സ്ത്രീകൾക്കും ഒരുപോലെ പ്രയോജനപ്പെടുത്താൻ സാധിക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതിനായി കേരളത്തിലെ പതിനാല് ജില്ലകളിലെയും എല്ലാ പ്രദേശങ്ങളിലും സമാനമായ രീതിയിലുള്ള കവറേജും ആ നിലയിലുള്ള സാന്നിധ്യവും ഉറപ്പുവരുത്തണമെന്നതാണ് കെ.എസ്.ആർ.ടി.സി. ഏറ്റവും അടിയന്തരമായി ചെയ്യേണ്ടൊരു കാര്യം. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള വടക്കൻ ജില്ലകൾ പല കാര്യങ്ങളിലും സംസ്ഥാന ശരാശരിയെക്കാൾ കുറഞ്ഞ വികസന അനുഭവമാണ് ഉള്ളതെന്നത് യാഥാർത്ഥ്യമാണ്. കഴിഞ്ഞ പത്ത് വർഷമായി കേരളത്തിന്റെ ഭരണ നേതൃത്വം ഉണ്ടായത് വടക്കൻ ജില്ലകളിൽനിന്നുമായിരുന്നു. എങ്കിൽപോലും ഈ പ്രാദേശിക അസമത്വം പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ഇത് പൊതുഗതാഗത സംവിധാനത്തിന്റെ കാര്യത്തിൽ മാത്രമല്ല എല്ലാ കാര്യങ്ങളിലുമുണ്ട്. സർക്കാർ ഓഫീസുകളുടെ സാന്നിധ്യം, ആശുപത്രികളുടെ എണ്ണം, ഹയർ സെക്കൻഡറി സീറ്റുകളുടെ എണ്ണം, പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നീളം, അത്തരം റോഡുകളിൽ എത്ര റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ എത്തിക്കാൻ സാധിച്ച എന്നീ കാര്യങ്ങൾ

പരിശോധിച്ചാൽ തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളും പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളും തമ്മിൽ വലിയൊരു അന്തരം കാണാൻ സാധിക്കുന്നതാണ്. കേരള പിറവിക്കുശേഷം ഏതാണ്ട് എഴുപതിനടുത്ത വർഷങ്ങൾ കഴിഞ്ഞിട്ടും ഈ പ്രാദേശിക അസമത്വം പരിഹരിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതീവ ഗുരുതരമായ ഒരു ജനാധിപത്യ പ്രശ്നമായി ഇത് കാണേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് ഇരുപത്തിയെട്ട് ഡിപ്പോ കേരളത്തിലുള്ളതിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ വെറും അഞ്ച് ഡിപ്പോകൾ മാത്രമേയുള്ളൂ. നാൽപത്തിയൊന്ന് സബ് ഡിപ്പോകൾ ഉള്ളതിൽ എട്ട് എണ്ണം മാത്രമാണ് വടക്കൻ ജില്ലകളിലുള്ളത്. ബാക്കി മുപ്പത്തിമൂന്ന് സബ് ഡിപ്പോകളും മറ്റ് ജില്ലകളിലാണുള്ളത്. കെ.എസ്.ആർ.ടി.സി.-ക്ക് പതിനെട്ട് ഓപ്പറേറ്റിങ് സെന്ററുകളാണ് കേരളത്തിലുള്ളത്. അതിൽ നാല് എണ്ണം മാത്രമാണ് വടക്കൻ ജില്ലകളിലുള്ളത്. അതുകൊണ്ട് സർക്കാരിന്റെ അടിയന്തര ശ്രദ്ധ വടക്കൻ ജില്ലകളിൽ ഉണ്ടാകണമെന്നും വടക്കൻ ജില്ലകളിലേക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അനുവദിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. പുതുതായി തിരഞ്ഞെടുക്കപ്പെട്ടുവരുന്ന എം.എൽ.എ.-മാർ സാധാരണ ഗതിയിൽ ഒന്നോ രണ്ടോ ബസ് ഷെഡ്യൂളുകളുടെ ആവശ്യം മാത്രമാണ് ഉന്നയിക്കാറുള്ളത്. അതുമാത്രം പോരാ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ കൂടുതൽ ഡിപ്പോകൾ അനുവദിക്കുകയും അത്തരം ഡിപ്പോകളിൽനിന്നും കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുകയും വേണം. അവിടത്തെ ഗ്രാമങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. കടന്നുചെല്ലുകയും സാധാരണക്കാരായ തൊഴിലാളികൾക്ക് കെ.എസ്.ആർ.ടി.സി.-യുടെ സേവനം ഉപയോഗപ്പെടുത്തി ദിവസവും ജോലിക്ക് പോകാനും വരാനുമുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യണം. ഇക്കാര്യം അടിയന്തരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഈ സഭയുടെ മുമ്പാകെ ഞാൻ ആവശ്യപ്പെടുകയാണ്. ഇതുസംബന്ധിച്ച് വ്യക്തമായ ധാരണയുള്ള ആളാണ് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി. അദ്ദേഹം ഒരു പ്ലാനിങ് വിദഗ്ധൻ കൂടിയാണ്. ഇത്തരത്തിലുള്ള അസന്തുലിതാവസ്ഥ നിലനിന്നാലുള്ള ദൂരവ്യാപകമായ ഭവിഷ്യത്തുകൾ കൃത്യമായി തിരിച്ചറിയാൻ കഴിയുന്ന ആളാണ് അദ്ദേഹം. സർക്കാരിന് നേതൃത്വം നൽകുന്ന

മുഖ്യമന്ത്രിക്കും ഇത്തരം കാര്യങ്ങളിൽ കൃത്യമായ കാഴ്ചപ്പാടുണ്ടാകുമെന്ന് എനിക്കറിയാം. അതുകൊണ്ട് ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട വാഗ്ദാനമായ ഇന്ദിരാ ഗ്യാരന്റി സൗജന്യ ബസ് യാത്ര കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാകുന്ന വിധത്തിൽ വടക്കൻ ജില്ലകളിലേക്ക് കൂടുതൽ സർവീസുകൾ ആരംഭിച്ച് അവിടത്തെ സാന്നിധ്യം കെ.എസ്.ആർ.ടി.സി. ഉറപ്പാക്കണം. കൂടുതൽ ഡിപ്പോകളും സബ് ഡിപ്പോകളും ഓപ്പറേറ്റിങ് സെന്ററുകളും വടക്കൻ കേരളത്തിൽ ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

എന്റെ നിയോജകമണ്ഡലമായ തൃത്താല ഉൾപ്പെടെയുള്ള പ്രദേശങ്ങളിലുള്ളവർ വലിയതോതിൽ യാത്രാ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവിടെ ഡിപ്പോയോ സബ് ഡിപ്പോയോ അനുവദിക്കുകയാണെങ്കിൽ ഒരുപാട് ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്നതാണ്. അവിടെ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് ഉൾപ്പെടെ ആളുകൾ വരുന്നുണ്ട്. അവർക്കൊന്നും ഗതാഗത സംവിധാനമില്ല. അതുകൊണ്ട് ഒന്നോ രണ്ടോ ബസ് റൂട്ടുകൾ മാത്രം പോരാ. തൃത്താല, പട്ടാമ്പി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ഉൾപ്പെടെ പരിഗണിച്ചുകൊണ്ട് പാലക്കാട് ജില്ലയ്ക്ക് പ്രത്യേകമായി പരിഗണന നൽകി കൂടുതൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് സഭയുടെ ശ്രദ്ധക്ഷണിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ ഏറ്റവും ഉചിതമായ തീരുമാനം അടിയന്തരമായി കൈക്കൊള്ളണമെന്നുള്ള അഭ്യർഥനകൂടി മുന്നോട്ടുവയ്ക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): തൃത്താല അംഗം ശ്രീ. വി. ടി. ബൽറാം വളരെ ഗൗരവമുള്ള വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. മലബാർ എന്നറിയപ്പെടുന്ന പാലക്കാട് മുതൽ ഭാരതപുഴയ്ക്ക് വടക്കോട്ടുള്ള പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസുകൾ താരതമ്യേന കുറവാണ്. കേരളത്തിൽ ആകെ 5765 ബസുകളുള്ളതിൽ 1406 ബസുകൾ മാത്രമാണ് ആ പ്രദേശത്തുള്ളത്. അതായത് 24.38 ശതമാനം സർവീസുകൾ. ഇവിടെ നിന്നുമുള്ള സർവീസുകൾ വടക്കൻ കേരളത്തിൽ പോകുന്നതുകൂടി കൂട്ടുകയാണെങ്കിൽ 33 ശതമാനം സർവീസുകളാണ് ആ പ്രദേശത്തുള്ളത്. ആകെയുള്ള യൂണിറ്റുകളിലും ഏതാണ്ട് 25 ശതമാനം തന്നെയാണ് ആ പ്രദേശത്തേയ്ക്കുള്ളത്.

60-80 നിയമസഭാ മണ്ഡലങ്ങളാണ് അവിടെയുള്ളതെന്ന് നമുക്കറിയാം. അദ്ദേഹം ഉന്നയിച്ച വിഷയം ഗൗരവമുള്ളതാണെന്ന് തന്നെയാണ് ഗവൺമെന്റ് കാണുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ പരിമിതികളും പരാധീനതകളും ഈ സഭയ്ക്ക് വളരെ വ്യക്തമായി അറിയാം. എങ്കിലും കെ.എസ്.ആർ.ടി.സി. സ്ത്രീകൾക്ക് സൗജന്യമായി യാത്രാ സൗകര്യം നൽകുന്ന സാഹചര്യത്തിൽ അത് മലബാറിലേക്കും എത്തിക്കണമെന്ന ആവശ്യം വളരെ കാതലുള്ളതാണ്. മഞ്ചേശ്വരം താലൂക്കിൽ ഒരു സർവീസ് പോലുമില്ലെന്ന് മഞ്ചേശ്വരം അംഗം സഭയിൽ പറയുകയുണ്ടായി. അത് വളരെ ശ്രദ്ധേയമായ കാര്യമാണ്. അത്തരം സ്ഥലങ്ങളിൽ പുതിയ സർവീസുകൾ തീർച്ചയായും കൊണ്ടുവരണം. അല്ലെങ്കിൽ ഈ ആനുകൂല്യം എന്താണെന്ന് ഈ പ്രദേശങ്ങളിലുള്ളവർ അറിയാതെ പോകുന്നൊരു സാഹചര്യമുണ്ടാകും. ഇത്തരം കാര്യങ്ങൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് പരമാവധി ശ്രമിക്കുമെന്ന് മാത്രമാണ് സഭയെ അറിയിക്കാനുള്ളത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ഏറ്റവും ഉചിതമായ അനുകൂല മറുപടിക്ക് പ്രത്യേകമായ നന്ദി അറിയിക്കുകയാണ്. വടക്കൻ ജില്ലകളിലേക്ക് കെ.എസ്.ആർ.ടി.സി.-യുടെ സാന്നിധ്യം കൂടുതൽ വ്യാപിപ്പിക്കുമെന്നും കൂടുതൽ ഫ്ലീറ്റുകൾ ഡിപ്ലോയ് ചെയ്യുമെന്നും അങ്ങ് പറയുന്ന സാഹചര്യത്തിൽ ഇത് ഓപ്പറേറ്റ് ചെയ്യുന്നതിനുംവേണ്ടിയുള്ള ഒരു ഡിപ്പോ തൃത്താല കേന്ദ്രീകരിച്ച് ആരംഭിക്കാൻ സാധിക്കുമോ; അത് നടപ്പാക്കണമെന്നതാണ് എന്റെ വിനീതമായ അഭ്യർഥന.

<u>ശ്രീ. സി. പി. ജോൺ</u>: സർ, ഏതുകാര്യവും പരിശോധിക്കാവുന്നതാണ്. പക്ഷെ എന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാനപ്പെട്ട സ്ഥലം മഞ്ചേശ്വരമാണെന്നുകൂടി അറിയിക്കുകയാണ്. ബഹുമാന്യനായ അംഗം സൂചിപ്പിച്ച തൃത്താലയുടെ കാര്യവും പരിശോധിക്കാം. കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ആരോഗ്യം മെച്ചപ്പെടുന്നമുറയ്ക്ക് വളരെ ഭംഗിയായി ചെയ്യാമെന്നാണ് അറിയിക്കാനുള്ളത്.

*04-06-2026*
*Calling Attention*

## (2) ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകത

ശ്രീ. കെ. പ്രേംകുമാർ: സർ, രാജ്യത്തിന്റെ ചരിത്രത്തിൽതന്നെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഏറ്റവും മാതൃകാപരമായി വിതരണം ചെയ്യുന്ന സംസ്ഥാനമാണ് കേരളം. 1980-ലെ നായനാർ ഗവൺമെന്റാണ് രാജ്യത്ത് ആദ്യമായി കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുവേണ്ടി തീരുമാനം എടുത്തത്. കഴിഞ്ഞ പത്തുവർഷം തൊണ്ണൂറായിരം കോടി രൂപയാണ് കേരളത്തിലെ ഗവൺമെന്റ് സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണത്തിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് ചെലവഴിച്ചത്. എന്നാൽ യു.ഡി.എഫ്. ഭരണത്തിൽവന്ന് ദിവസങ്ങൾ കഴിഞ്ഞപ്പോൾതന്നെ അധികാര ദുർവിനിയോഗം എല്ലാ സീമകളും ലംഘിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ക്ഷേമ പെൻഷൻ വിതരണത്തിലുള്ള സർക്കാർ നടപടികൾ മറികടന്ന് സംസ്ഥാനത്ത് പലയിടത്തും ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുപകരം XXXXXXX+ സുതാര്യമായ ക്ഷേമ പെൻഷൻ വിതരണം അട്ടിമറിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. XXXXXXX+ ഗുണഭോക്താക്കൾക്ക് വീടുകളിൽപോയി പെൻഷൻ നൽകി രസീത് വാങ്ങണമെന്നതാണ് ചട്ടം. എന്നാൽ അവരെ മറ്റ് സ്ഥലങ്ങളിലേക്ക് വിളിച്ചുവരുത്തുന്നത് നിയമവിരുദ്ധമാണെന്ന് അറിയാഞ്ഞിട്ടല്ല. ഭരണമാറ്റം ഇങ്ങനെയാണോ നമ്മുടെ നാട്ടിലെ സാധാരണ മനുഷ്യർക്ക് ബോധ്യമാകേണ്ടത്. ഇങ്ങനെയാണോ ഈ ഭരണമാറ്റത്തിന്റെ ആ നവയുഗപിറവിയിലേക്ക് പോകേണ്ടത്. വാർധക്യസഹജമായ അവശതകളാൽ യാത്ര ചെയ്യാൻ കഴിയാത്തവർക്കും കിടപ്പുരോഗികൾക്കും ആശ്വാസമെന്ന നിലയിലാണ് അവർക്ക് വാതിൽപ്പടി പെൻഷൻ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള തീരുമാനം സർക്കാർ നടപ്പിലാക്കിയത്. ഇതാണ് ഇപ്പോൾ അട്ടിമറിക്കപ്പെട്ടിട്ടുള്ളത്. ഈ രീതി മറ്റുള്ളവരും തുടർന്നാൽ വലിയ തോതിൽ അഴിമതിക്കും സ്വജനപക്ഷപാതത്തിനും അധികാര ദുർവിനിയോഗത്തിനുമാണ് ഇടവരിക. (......ബഹളം......) കഴിഞ്ഞ സർക്കാർ നടപടികൾ കാറ്റിൽപ്പറത്തി യു.ഡി.എഫ്. തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിൽ ക്ഷേമ പെൻഷൻ വിതരണം നടന്നത് അടിയന്തരമായി പരിശോധിക്കാൻ തയ്യാറാകണം. പുൽപ്പറ്റ പഞ്ചായത്ത്

---
\+ സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

\+ സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

പ്രസിഡന്റ് ഉൾപ്പെടെയുള്ള യു.ഡി.എഫ്. നേതാക്കളുടെ സാന്നിധ്യത്തിൽ ഒരു ജീവനക്കാരൻ, യൂത്ത് ലീഗിന്റെ പ്രവർത്തകൻ അവരുടെ നേതൃത്വത്തിലായിരുന്നു ഈ വിതരണമെന്ന് കാണേണ്ടതുണ്ട്. മുസ്ലീം ലീഗ് നേതാവായിട്ടുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ ഭർത്താവ് പെൻഷൻ വിതരണം നടത്തുന്ന വിവരം വാട്ട്സ്ആപ്പ് മുഖേന ഗുണഭോക്താക്കളെ അറിയിക്കുകയായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. (......ബഹളം......) ലീഗിന്റെ തന്നെ നിയന്ത്രണത്തിലുള്ള (......ബഹളം......) പുൽപ്പറ്റ സർവീസ് സഹകരണ ബാങ്കിനെയാണ് പെൻഷൻ വിതരണത്തിന് സ്വാഭാവികമായും അവർ നിശ്ചയിച്ചത്. (......ബഹളം......) ലീഗിന്റെ സജീവ പ്രവർത്തകരായ ബാങ്ക് ജീവനക്കാരും പ്രാദേശിക നേതാക്കളും (......ബഹളം......) യു.ഡി.എഫ്.-ന്റെ തിരഞ്ഞെടുപ്പ് കമ്മറ്റി ആഫീസിലേക്ക് വാർധക്യസഹജമായ ബുദ്ധിമുട്ടുള്ളവരെ ഉൾപ്പെടെ വിളിച്ചുവരുത്തി ക്യൂ നിർത്തി പെൻഷൻ വിതരണം ചെയ്യുന്ന കാഴ്ചയാണ് കണ്ടത്. 15-08-2016-നാണ് ക്ഷേമ പെൻഷൻ  വീടുകളിൽ വിതരണം ചെയ്യുന്നതിന് ധനകാര്യ വകുപ്പ് ഉത്തരവിറക്കിയത്. 15-08-2016-ന് ഇറക്കിയ ജി.ഒ.(എം.എസ്.)നം. 324/2016 നമ്പർ ഉത്തരവിന്റെ നഗ്നമായ ലംഘനമാണ് പുൽപ്പറ്റയിൽ നടന്നത്. 2016 വരെ ട്രഷറിയിൽപ്പോയി പെൻഷൻ വാങ്ങാൻ ക്യൂ നിന്ന് കഷ്ടപ്പെടുന്നവരെ സഹായിക്കാനാണ് വാതിൽപ്പടി സേവനം കൊണ്ടുവന്നത്. ക്ഷേമ പെൻഷൻ ഔദാര്യമല്ല, അവകാശമാണെന്നതായിരുന്നു എൽ.ഡി.എഫ്.-ന്റെ സമീപനം. അധികാരം ലഭിച്ച ഉടൻ പണ്ട് ട്രഷറിയിൽ ക്യൂ നിന്നവരെ, പെൻഷൻ വാങ്ങാൻ പാർട്ടി ഓഫീസുകളിൽ ക്യൂ നിർത്തുന്ന അവസ്ഥയിലേക്ക് യു.ഡി.എഫ്. മാറിക്കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഖജനാവിലെ പണം ഈ നിലയിൽ ദുരുപയോഗം ചെയ്യാൻ കൂട്ടുനിന്ന പഞ്ചായത്ത് പ്രസിഡന്റ്, ഉദ്യോഗസ്ഥർ, സഹകരണ ബാങ്ക് ജീവനക്കാർ എന്നിവർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. പ്രേംകുമാർ പറഞ്ഞ ശ്രദ്ധ ക്ഷണിക്കലിനകത്ത് വന്നിട്ടുള്ള അഴിമതി ആക്ഷേപങ്ങൾ രേഖയിൽ കാണുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രി.....

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, പുൽപ്പറ്റ .... (......ബഹളം......)

*04-06-2026*
*Calling Attention*

മി. സ്പീക്കർ: ഇല്ല. അഴിമതി ആക്ഷേപം പറ്റില്ല. ചട്ടം അനുസരിച്ച് പോകട്ടെ. (......ബഹളം......) അഴിമതി ആക്ഷേപങ്ങൾ. (......ബഹളം......) സീനിയർ മെമ്പേഴ്സ് അതിൽ തർക്കിക്കാൻ നിൽക്കരുത്. ചട്ടം അനുസരിച്ച് പോകട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഇതൊരു നിർഭാഗ്യകരമായ അവസ്ഥയാണ്. ബഹുമാന്യനായ സ്പീക്കറാണ് ഞങ്ങളുടെ അവകാശങ്ങൾ എപ്പോഴും സംരക്ഷിക്കേണ്ടത്. ഇവിടെ ഉന്നയിച്ച പ്രശ്നം സാധാരണ നടപടിക്രമങ്ങളിൽനിന്ന് വ്യത്യസ്തമായി പെൻഷൻ വിതരണം ചെയ്യുവെന്നുള്ളതാണ്. അത് ഒരു പാർട്ടി ഓഫീസിൽ കൊണ്ടുപോയി വിതരണം ചെയ്യുന്ന അവസ്ഥയുണ്ടായിരിക്കുന്നുവെന്നാണ് പറഞ്ഞത്. അതിന്റെ ഭാഗമായി വാട്സ്ആപ്പ് മെസ്സേജ് അയച്ച കാര്യവും ഇവിടെ പറയുകയുണ്ടായി. ഇതൊക്കെ ക്രമവിരുദ്ധമായ നടപടിയാണല്ലോ? അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തണ്ടേ? അങ്ങനെയായാലല്ലേ ഭാവിയിൽ ക്രമവിരുദ്ധമായ നടപടികൾ ഒഴിവാക്കാൻ പറ്റൂ. അതിന് സംരക്ഷണം നൽകുകയല്ലേ അങ്ങ് വേണ്ടതെന്നാണ് എനിക്ക് അങ്ങയെ ഓർമ്മിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: അങ്ങയുടെ ഉപദേശത്തിന് ഞാൻ നന്ദി പറയുകയാണ്. പക്ഷെ അഴിമതി ആക്ഷേപമായി വന്നിട്ടുള്ളത് ശ്രദ്ധ ക്ഷണിക്കലിലല്ല. അല്ലാതെ നിരവധി സാധ്യതകൾ നിയമസഭയിലുണ്ട്. ഇപ്പോൾ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം ഈ ഹൗസിന്റെ മുമ്പിൽ നിൽക്കുകയാണ്. അങ്ങനെയുള്ള എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അപ്പോൾ പറയാവുന്നതാണ്. എന്നാൽ ശ്രദ്ധ ക്ഷണിക്കലിനകത്ത് ഈ പരിധിക്കപ്പുറത്തേക്ക് പോകാൻ നമ്മൾ തീരുമാനിച്ചാൽ പിന്നീട് മുന്നോട്ടുപോകാൻ പറ്റാതെ വരും. അതിനാൽ അങ്ങ് പറഞ്ഞതിനോട് എല്ലാ ബഹുമാനവും ഞാൻ നൽകുന്നു. അതോടൊപ്പം ശ്രദ്ധ ക്ഷണിക്കലിനകത്തുവന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ബാക്കി കാര്യങ്ങളൊന്നും ഇവിടെ ചർച്ച ചെയ്യുന്നതിന് കുഴപ്പമില്ല. അത് നമ്മുടെ പൊതു ചർച്ച വരുന്ന സമയത്ത് ആകുകയും ചെയ്യാം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ പഴയ വാർഡുകളായ 9, 10 (ഷാപ്പിൻകുന്ന്) എന്നിവിടങ്ങളിലെ ക്ഷേമ

പെൻഷൻ വിതരണം യു.ഡി.എഫ്. തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിൽവച്ച് നടത്തിയതായി പഞ്ചായത്ത് ഓഫീസിൽ ഗുണഭോക്താക്കളോ പൊതുജനങ്ങളോ പരാതി സമർപ്പിച്ചിട്ടില്ല. ആയതിന്റെ വസ്തുത മനസ്സിലാക്കുന്നതിനായി ബന്ധപ്പെട്ട ജനപ്രതിനിധികളോടും പഞ്ചായത്ത് പ്രസിഡന്റിനോടും വിവരങ്ങൾ അന്വേഷിച്ചതിൽ മേൽപ്പറഞ്ഞ വാർഡുകളിലെ ക്ഷേമ പെൻഷൻ വിതരണം പുൽപ്പറ്റ സർവീസ് സഹകരണ ബാങ്ക് മുഖേനയാണ് നടപ്പാക്കുന്നതെന്നും പെൻഷൻ വിതരണ ചുമതലയുള്ള ജീവനക്കാരന് പനി ബാധിച്ചതിനാൽ വീടുകളിൽ കയറി പെൻഷൻ വിതരണം നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നുവെന്നും അറിയാൻ സാധിച്ചു. ഇതിനെത്തുടർന്ന് ഗുണഭോക്താക്കളുടെ അഭിപ്രായപ്രകാരം അവിടെയുള്ള തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിന്റെ മുൻവശത്തുവച്ച് പെൻഷൻ വിതരണം ആരംഭിക്കുകയും പ്രതികൂല കാലാവസ്ഥയെത്തുടർന്ന് ഗുണഭോക്താക്കളുടെ ആവശ്യാർത്ഥം പിന്നീട് സമീപത്തെ മുറിയിലേക്ക് മാറ്റുകയാണുണ്ടായതെന്നും അറിയുന്നു. പ്രസ്തുത മുറി തിരഞ്ഞെടുപ്പ് കാലഘട്ടത്തിൽ യു.ഡി.എഫ്. കമ്മിറ്റി ഓഫീസായി പ്രവർത്തിച്ചിരുന്നുവെങ്കിലും തിരഞ്ഞെടുപ്പിനുശേഷം അത്തരത്തിൽ പ്രവർത്തിച്ചിരുന്നില്ലെന്നും അറിയുന്നു. മുൻവശത്തെ ബോർഡ് നീക്കം ചെയ്യാതിരുന്നതിനാലാണ് ഇത്തരമൊരു ആരോപണം ഉയർന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റിൽനിന്നും അറിയാൻ സാധിച്ചു. ഇപ്രകാരം പെൻഷൻ വിതരണം ചെയ്തത് ശരിയായില്ലെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് പെൻഷൻ വിതരണം നടത്തിയ പ്രസ്തുത ജീവനക്കാരനെ പെൻഷൻ വിതരണ ചുമതലകളിൽനിന്നും നീക്കം ചെയ്തതായും ചുമതല മറ്റ് ജീവനക്കാർക്ക് വീതിച്ചുനൽകിയതായും സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതൊരു ഒറ്റപ്പെട്ട സംഭവം മാത്രമാണെന്നിരിക്കലും ആയത് ആവർത്തിക്കാതിരിക്കാനുള്ള നിർദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, സ്വജനപക്ഷപാതവും അധികാര ദുർവിനിയോഗവും നടന്നുവെന്ന് കൃത്യമായി ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായിട്ടുള്ള ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; കൂടാതെ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരുടെ

സാന്നിധ്യത്തിലാണ് ഇത്തരത്തിലുള്ള ഏറ്റവും ശക്തമായ ഈ ക്രമക്കേട് നടന്നതെന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അവർക്കെതിരായിക്കൂടി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ഷാജി: സർ, ഇത് ശരിയായ നടപടി അല്ലെന്ന് കൃത്യമായ ബോധ്യമുണ്ട്. ഇത്തരത്തിൽ അല്ല നടക്കേണ്ടതെന്ന ബോധ്യം സർക്കാരിനുള്ളതുകൊണ്ടും അത് നടത്താൻ ഇനിമേൽ അനുവദിക്കുന്നതല്ലായെന്നതുകൊണ്ടുമാണ് സൂചനാ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായും ഇത് വരുംകാലങ്ങളിൽ പരിശോധിക്കുകതന്നെ ചെയ്യും.